ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 03.01.2025** | പ്രധാന വാർത്തകൾ | **TIME :** 12.50 **PM**

1.) ബംഗളൂരു നിംഹാൻസ് സുവർണ ജൂബിലി ആഘോഷങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്തു.

**President Droupadi Murmu inaugurates various project in NIMHANS,Bengaluru as part of the Golden Jubilee celebration of the institution.**

2) ഡൽഹിയിൽ നിരവധി സുപ്രധാന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം തുടക്കം കുറിയ്ക്കും.

**Prime Minister Narendra Modi to inaugurate and lay foundation stone of multiple development projects in Delhi today.**

3) പെരിയ ഇരട്ട കൊലക്കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ 10 പ്രതികൾക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് സിബിഐ കോടതി

**CBI Special Court in Ernakulam sentenced life imprisonment to 10 convicts in Periya double murder case.**

4) 63 -മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് നാളെ തിരി തെളിയും.

**63rd Kerala School Youth Festival will begin tomorrow in Thiruvananthapuram.**

5) ഉത്തരേന്ത്യയിൽ അതിശൈത്യം തുടരുന്നു. ഡൽഹിയിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്ന് വ്യോമ, റെയിൽ ഗതാഗതം തടസ്സപ്പെട്ടു .
**Dense fog and low visibility engulfed the Delhi-NCR today affecting the flight and rail operations. Around 50 flights got delayed.**

6) ബോർഡർ ഗവാസ്കർ ട്രോഫി അഞ്ചാം ടെസ്റ്റ് ആദ്യ ഇന്നിങ്സിൽ ഇന്ത്യ 185 റൺസിന് പുറത്ത്.
**In Cricket, Indian team has been bundled out for 185 runs against Australia on the first day of the decisive fifth and final test of the Border-Gavaskar Trophy at Sydney.**

************************

**Prez**

ബംഗളൂരു നിംഹാൻസ് സുവർണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം രാഷ്ട്രപതി ദ്രൗപദി മുർമു നിർവഹിച്ചു. ഉദ്ഘാടന സമ്മേളനത്തെ രാഷ്ട്രപതി അൽപസമയത്തിനകം അഭിസംബോധന ചെയ്യും. സുവർണ ജൂബിലിയുടെ ഭാഗമായി നിർമിച്ച സൈക്കാട്രി ബ്ലോക്ക്, സെൻട്രൽ ലബോറട്ടറി കോംപ്ലക്സ്, ഹോസ്റ്റൽ കെട്ടിടം എന്നിവയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡ, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്.

************************

**PM DELHI PROJECTS**

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ വിവിധ വികസന പദ്ധതികൾക്ക് അൽപസമയത്തിനകം തുടക്കം കുറിക്കും. അശോക് വിഹാറിൽ ചേരി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമിച്ച 1,700 ഓളം ഫ്ലാറ്റുകളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ആരോഗ്യകരവും,

അടിസ്ഥാനസൗകര്യങ്ങളോട് കൂടിയതുമായ പാർപ്പിട സമുച്ചയമാണ് ഗുണഭോക്താക്കൾക്ക് കൈമാറുന്നത്. നവ്റോജി നഗറിലും, സരോജിനി നഗറിലുമായി രണ്ട് നഗര പുനർവികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 300 കോടി രൂപ ചെലവിൽ ദ്വാരകയിൽ നിർമിച്ച സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ ഇന്റഗ്രേറ്റഡ് ഓഫീസ് കോംപ്ലക്സും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ഡൽഹി സർവകലാശാലയിൽ 600 കോടി രൂപയുടെ മൂന്ന് പദ്ധതികളുടെ നിർമാണത്തിനും തുടക്കം കുറിക്കും. നജാഫ്ഘട്ടിലെ റോഷൻപുരയിൽ വീർ സവർക്കർ കോളേജിൻറെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിക്കും. ഡൽഹിയുടെ വികസനത്തിലെ സുപ്രധാന ദിനമാണിതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. വിപുലമായ വികസന പ്രവർത്തനങ്ങൾ ഡൽഹിയിലെ ജനങ്ങളുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*************************

## Periya Case

പെരിയ ഇരട്ട കൊലപാതക കേസിൽ കുറ്റ കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ഒന്നു മുതൽ 8 വരെ പ്രതികൾക്ക് എറണാകുളം പ്രത്യേക സിബിഐ കോടതി ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. കൂടാതെ ഗൂഢാലോചനയിൽ പങ്കെടുത്ത കേസിലെ പ്രതികളായ പ്രദീപ്, സുരേന്ദ്രൻ എന്നിവർക്കും കോടതി ജീവപര്യന്തം വിധിച്ചിട്ടുണ്ട്. മുൻ എംഎൽഎ കെ. വി കുഞ്ഞിരാമൻ ഉൾപ്പെടെ 4 സി.പി.ഐ.എം പ്രവർത്തകർക്ക് അഞ്ചുവർഷം തടവും കോടതി ശിക്ഷ വിധിച്ചു. കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും, ശരത്ലാലിനെയും 2019 ഫെബ്രുവരി 17 ന് വെട്ടിക്കൊലപ്പെടുത്തിയ കേസിലാണ് കോടതി ശിക്ഷ വിധിച്ചത്.

*************************

## Arts Festival (INTRO)

63 -മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരി തെളിയും.

രാവിലെ 10 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

**(വോയിസ്)**

*************************

## National Childrens Science Congress

31-ാമത് ദേശീയ ബാല ശാസ്ത്ര കോൺഗ്രസിന് ഭോപ്പാലിൽ ഇന്ന് തുടക്കം. മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് ഉദ്ഘാടനം നിർവഹിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 700-ലധികം ബാലശാസ്ത്രജ്ഞരും, അധ്യാപകരും നാല് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും. ബഹ്റൈൻ, യുഎഇ , കുവൈറ്റ്, ഒമാൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്. "ആരോഗ്യത്തിനും സൗഖ്യത്തിനുമായി ആവാസവ്യവസ്ഥയെ മനസ്സിലാക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

*************************

## Nitin Gadkari

ഡൽഹിയിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും തിരക്കും മലിനീകരണവും കുറയ്ക്കുന്നതിനുമായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി 12,500 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്ന് ഡൽഹിക്ക് 1,200 കോടി രൂപ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. ജമ്മു കശ്മീർ,

പഞ്ചാബ് എന്നിവിടങ്ങളിൽ നിന്ന്
ഡൽഹി വിമാത്താവളത്തിലേക്കും, ഡൽഹി-മുംബൈ എക്സ്പ്രസ് വേയിലേക്കും വരുന്ന വാഹനങ്ങൾക്ക് ഡൽഹി-കത്ര എക്സ്പ്രസ് വേയിലൂടെ കടന്നുപോകാൻ മാർഗ്ഗമൊരുക്കുന്നതാണ് പുതിയ പദ്ധതി . ഡെറാഡൂണിൽ നിന്ന് വരുന്ന വാഹനങ്ങൾക്ക് ദ്വാരക എക്സ്പ്രസ് വേ വഴി വിമാനത്താവളത്തിലേക്ക് എത്താനും ഇതിലൂടെ സംവിധാനമൊരുക്കും.

************************

## Railway development

കേരളത്തിന് കേന്ദ്രസർക്കാർ വലിയ പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി
ജോർജ് കുര്യൻ. കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ റെയിൽ വികസന പദ്ധതികളുടെ പുരോഗതിയും അദ്ദേഹം വിലയിരുത്തി.

************************

## Sabrimala (INTRO)

ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. തിരുവാഭരണ ഘോഷയാത്ര ഈമാസം 12ന് പന്തളത്തുനിന്നും ശബരിമലയ്ക്ക് പുറപ്പെടും. 14 നാണ് മകരവിളക്ക്
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.
(വോയ്സ്)

************************

## REV TRAINS AND FLIGHTS DELAYED

ഡൽഹിയിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്ന് വ്യോമ, റെയിൽ ഗതാഗതം തടസ്സപ്പെട്ടു .
ഡൽഹി വിമാനത്താവളത്തിലെ 50 ഓളം വിമാന സർവീസുകൾ ഇതുമൂലം വൈകി. ഉത്തരേന്ത്യയിലെ അതിശൈത്യം ട്രെയിൻ ഗതാഗതത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. ഡൽഹിയിലേക്കുള്ള 24 ട്രെയിനുകൾ അഞ്ച്

മണിക്കൂർ വരെ വൈകിയോടുന്നതായി റെയിൽവേ അറിയിച്ചു .

*************************

## REV. TELECOM KUMBH MELA

മഹാ കുംഭമേളയോടനുബന്ധിച്ച് തടസ്സരഹിതമായ വിവര വിനിമയ സംവിധാനം ഉറപ്പുവരുത്തി കേന്ദ്ര ടെലികമ്യൂണിക്കേഷൻ വകുപ്പ്. ഇതിനായി 126 കിലോമീറ്റർ ഓപ്റ്റിക്കൽ ഫൈബർ ശൃംഖലയും, 328 മൊബൈൽ ടവറുകളും ഉൾപ്പെടെ പുതിയതായി ക്രമീകരിച്ചു. ഇന്ത്യൻ റെയിൽവേയും, പ്രത്യേക ട്രെയിൻ സർവീസുകൾ ഉൾപ്പെടെ വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിരിക്കുന്നത്. ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് മഹാ കുംഭമേള.

*************************

## PM VELU NACHIYAR

ബ്രിട്ടീഷുകാർക്കെതിരെ ധീരമായ പോരാട്ടം കാഴ്ചവച്ച റാണി വേലു നാച്ചിയാരുടെ ജന്മവാര്ഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. കൊളോണിയൽ ഭരണത്തിനെതിരായ പോരാട്ടത്തിൽ റാണി വേലു നാച്ചിയാർ സമാനതകളില്ലാത്ത വീര്യം പ്രകടിപ്പിച്ചതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************

## Cricket

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന ടെസ്റ്റിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ 185 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ ഇന്ന് കളി അവസാനിക്കുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 9 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഓസീസ് 2-1 ന് മുന്നിലാണ്.

*************************

## UNSC- NEW MEMBERS

ഡെന്മാർക്ക്, ഗ്രീസ്, പാകിസ്ഥാൻ, പനാമ, സൊമാലിയ എന്നീ രാജ്യങ്ങളുടെ യുഎൻ രക്ഷാസമിതിയിലെ രണ്ട് വർഷത്തെ താത്കാലിക അംഗത്വ കാലാവധി ഇന്ന് ആരംഭിച്ചു. ഇക്വഡോർ, ജപ്പാൻ, മാൾട്ട, മൊസാംബിക്ക്, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളുടെ കാലാവധി അവസാനിച്ച സാഹചര്യത്തിലാണിത്. പുതിയ അംഗങ്ങളെ സ്വാഗതം ചെയ്യുന്നതിൻറെ ഭാഗമായി ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് പതാക സ്ഥാപിക്കൽ ചടങ്ങ് നടന്നു. ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിൽ അഞ്ച് സ്ഥിരാംഗങ്ങളും, രണ്ട് വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 10 അംഗങ്ങളും ഉൾപ്പെടെ 15 രാജ്യങ്ങളാണ് ഉള്ളത്.

**************************

## S KOREA- POLITICAL CRISIS

ദക്ഷിണ കൊറിയയിലെ സസ്പെൻഡ് ചെയ്യപ്പെട്ട പ്രസിഡൻറ് യൂൻ സുക് യോളിനെ അറസ്റ്റ് ചെയ്യാനുള്ള നീക്കം ഉപേക്ഷിച്ച് അന്വേഷണ ഉദ്യോഗസ്ഥർ. യൂൻ സൂക്കിനെ പിന്തുണയ്ക്കുന്ന നിരവധിപ്പേർ പ്രസിഡൻറിൻറെ വസതിയ്ക്ക് മുന്നിൽ നിലയുറപ്പിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്താണ് തീരുമാനം. അറസ്റ്റ് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ മറ്റ് നടപടികളിലേക്ക് കടക്കുമെന്ന് ദക്ഷിണ കൊറിയൻ അഴിമതി അന്വേഷണ വിഭാഗം വ്യക്തമാക്കി. ചോദ്യം ചെയ്യലിന് ഹാജരാകാത്തതിനെ തുടർന്ന് യൂൻ സൂക്കിനെതിരെ സിയൂൾ കോടതി ഈ ആഴ്ച അറസ്റ്റ് വാറൻറ് പുറപ്പെടുവിച്ചിരുന്നു.

**************************

## NEPAL-EARTHQUAKE

നേപ്പാളിലെ കർണാലി പ്രവിശ്യയിലെ മുഗുവിൽ ഇന്ന് രാവിലെ ഭൂചലനം അനുഭവപ്പെട്ടു. റിക്ടർ സ്കെയിലിൽ 4.4 തീവ്രതയാണ് രേഖപ്പെടുത്തിയത് . ബാഗ്മതി പ്രവിശ്യയിലെ

സിന്ധുപാൽചൗക്കിലും,  കാഠ്മണ്ഡു താഴ്‌വരയിലും ഇന്നലെ ഭൂചലനം അനുഭവപ്പെട്ടിരുന്നു.

************************

## Fishermen release

സമുദ്രാതിർത്തി ലംഘിച്ചതിന് തടവിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ ഇന്ത്യയ്ക്കും ബംഗ്ലാദേശിനുമിടയിൽ ധാരണ. ഇതിൻറെ ഭാഗമായി 95 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ബംഗ്ലാദേശ് ഞായറാഴ്ച മോചിപ്പിക്കും. ബംഗ്ലാദേശിൽ നിന്നുള്ള 90  മത്സ്യത്തൊഴിലാളികളെയും അന്നേ ദിവസം വിട്ടയക്കും. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ  ആശങ്കകൾ കണക്കിലെടുത്താണ് നടപടി.

************************

*****************

*********